(സി) നിലവിൽ പ്രസ്തുത പ്രദേശത്ത് എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കുടുംബങ്ങളെ അധിവസിപ്പിച്ചപ്പോൾ സർക്കാർ പ്രഖ്യാപിച്ച പാക്കേജ് അനുസരിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) റോഡ്, കുടിവെള്ള സൗകര്യം, വൈദ്യുതി എന്നിവ ഇല്ലാത്തതും കാട്ടുമൃഗങ്ങളുടെ ഉപദ്രവം ഉള്ളതുമായ ഈ പ്രദേശത്ത് നിന്ന് പല കുടുംബങ്ങളും പ്രസ്തുത ഭൂമി ഉപേക്ഷിച്ച് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 708 ആദിവാസി കുടുംബങ്ങളെയാണ് ചിന്നക്കനാലിൽ അധിവസിപ്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമിയിൽ താമസിച്ച് കൃഷിയിറക്കുന്നതിനും ജീവസന്ധാരണം നടത്തുന്നതിനുമായി 4,23,03,700 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ വീട് നിർമ്മാണം, കുടിവെള്ളം, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, കന്നുകാലി വിതരണം തുടങ്ങിയവ ഉൾപ്പെടുന്നു.

(സി), (ഡി) & (ഇ) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി

87 [188] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലേയും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേയും പിന്നോക്ക സമുദായ പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷൻ എന്നാണ് സർക്കാരിന് റിപ്പോർട്ട് നൽകിയത്;

(ബി) പ്രാതിനിധ്യത്തിൽ കുറവുണ്ടെന്ന് കണ്ടെത്തിയ പിന്നോക്ക സമുദായക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ കുറവ് നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച നടപടികളിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിക്രമം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 9-11-2001-ൽ ആണ് സർക്കാരിൽ റിപ്പോർട്ട് നൽകിയത്.

(ബി) & (സി) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly